നം. ഇ.എച്ച്.1-46690/2016/ആ.വ.ഡ. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 18/05/2017

## സർക്കുലർ

വിഷയം:- ആ.വ.ഡ. -പൊതു സ്ഥലംമാറ്റം -2017 ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകനും, സ്ഥാപനമേധാവികൾക്കും ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ -സംബന്ധിച്ച് -

സൂചന:- ഈ ഓഫീസിലെ 15/05/2017 ലെ ഇതേ നം. സർക്കുലർ.

*********************

ആരോഗ്യവകുപ്പിലെ 2017 ലെ' പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകനും, സ്ഥാപക മേധാവികൾക്കും ഉള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന പ്രകാരം പുറപ്പെടുവിച്ചിരുന്നു. സ്ഥാപന മേധാവികൾക്ക് ഓൺലൈൻ അപേക്ഷ ജില്ലാതല ആഫീസർമാർക്ക് അയയ്ക്കുവാനുള്ള തീയതി 17/05/2017 ൽ അവസാനിച്ചു. എന്നാൽ ടി തീയതിയിലും പല സ്ഥാപന മേധാവികൾക്കും ഓൺലൈൻ അപേക്ഷകൾ പൂർണ്ണമായി ഓൺലൈൻ വഴി ജില്ലാതല ഓഫീസർമാർക്ക് അയയ്ക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ സ്ഥാപന മേധാവികൾ ജില്ലാതല ആഫീസർമാർക്ക് 20/05/2017 ന് ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജില്ലാതല ആഫീസർമാർ ഓൺലൈൻ അപേക്ഷകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ട അവസാന തീയതി 22/05/2017 ആണ്. ജില്ലാ മെഡിക്കൽ ഓഫീസർമാർ തങ്ങൾക്ക് ലഭിച്ച അപേക്ഷകൾ 19/05/2017, 20/05/2017 തീയതികളിൽ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കാവുന്നതാണ്.

ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച സാങ്കേതിക സംശയങ്ങൾക്ക് ബന്ധപ്പെടേണ്ട വ്യക്തികളും ഫോൺ നമ്പരും ചുവടെ ചേർക്കുന്നു.

1) ഡോ. കൃഷ്ണകുമാർ, ഡെപ്യൂട്ടി ഡയറക്ടർ (ഓഫ്താൽമോളജി), നോഡൽ ഓഫീസർ.
2) ശ്രീ. ജോൺസ് ജെ. സി., കമ്പ്യൂട്ടർ പ്രോഗ്രാമർ - 9895237090
3) ശ്രീ. എ. സജികുമാർ, സീനിയർ ക്ലാർക്ക് - 9446018041
4) ശ്രീ. വിഷ്ണു എൻ. ചന്ദ്രൻ, സീനിയർ ക്ലാർക്ക് - 9400484841

18/5/17

ഡോ. സരിത ആർ. എൽ.
**ആരോഗ്യവകുപ്പ് ഡയറക്ടർ**

പകർപ്പ്:-

1. ഫയൽ/കരുതൽ ഫയൽ.

ജിആർആർ-18/05/2017